പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 373 — 27.02.2017 -ൽ മറുപടിക്ക്.

**ഭക്ഷ്യ ഭദ്രതാ നിയമം**

| ചോദ്യം<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം പ്രതിവർഷം എത്ര മെട്രിക് ടൺ അരിയാണ് കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്; | (എ) 12.26 ലക്ഷം മെട്രിക് ടൺ. |
| (ബി) കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യം പുന:സ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം പരിഗണിക്കുകയുണ്ടായോ; | (ബി) ഇല്ല. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത ആവശ്യം നിരസിക്കുന്നതിന് കേന്ദ്രം പറയുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം എല്ലാ സംസ്ഥാനങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നതിന് ഏകീകൃത നയമാണ് അവലംബിക്കുന്നതെന്നും കേരളത്തിന് മാത്രമായി ഈ നയത്തിൽ മാറ്റം വരുത്തുവാൻ സാധിക്കുകയില്ല എന്നുമാണ് പ്രസ്തുത ആവശ്യം നിരസിച്ചുകൊണ്ട് കേന്ദ്രം വ്യക്തമാക്കിയ ,കാരണങ്ങൾ. ഇതേ ആവശ്യം ഉന്നയിച്ച മറ്റ് സംസ്ഥാനങ്ങളുടെ ആവശ്യവും പരിഗണിച്ചിട്ടില്ല. |
| (ഡി) ഒ. എം. എസ് (ഓപ്പൺ മാർക്കറ്റ് സ്കെയിൽ) വിലയായ 24 രൂപയ്ക്കോ ഇക്കോണമിക്കൽ റേറ്റായ 33 രൂപയ്ക്കോ ആവശ്യമുള്ള അരി സംസ്ഥാനത്തിന് നൽകാൻ കേന്ദ്രം സമ്മതിക്കുകയുണ്ടായോ; | (ഡി) ഉണ്ട്. |
| (ഇ) എങ്കിൽ ഇപ്രകാരം അരി യെടുത്ത് സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; | (ഇ) ഓപ്പൺ മാർക്കറ്റ് സെയിൽ സിസ്റ്റത്തിലൂടെ (OMSS) സപ്ലൈകോ 1400 ടൺ അരി ലേലത്തിൽ പിടിച്ച് കിലോയ്ക്ക് 25/- രൂപ നിരക്കിൽ വിപണിയിൽ വിറ്റു വരുന്നു. |

| | |
|---|---|
| (എഫ്) ഇല്ലെങ്കിൽ അരിവിഹിതക്കുറവ് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വിശദാംശങ്ങൾ നൽകുമോ? | (എഫ്) സംസ്ഥാനത്തെ അരിവിഹിതക്കുറവ് പരിഹരിക്കാൻ സർക്കാർ ഉടമസ്ഥതയിലുള്ള Oilpalm india Ltd. ന്റെ ഉടമസ്ഥതയിലുള്ള വെച്ചൂർ റൈസ് മില്ലിലെ മുഴുവൻ അരിയും (കുട്ടനാട് റൈസ്) സപ്ലൈകോ എടുത്ത് ന്യായവിലയ്ക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ആന്ധ്രാ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങൾക്ക് പുറമെ അരിയുല്പാദിപ്പിക്കുന്ന ഇതര സംസ്ഥാനങ്ങളിൽ നിന്നും അരി വാങ്ങാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന വില വർദ്ധനവ് നേരിടുന്നതിന് 'വില നിയന്ത്രണ സെൽ' പുന:സംഘടിപ്പിച്ച് ഒരു സ്ഥിരം സംവിധാനമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ അരിവില നിയന്ത്രണാതീതമാകാതിരിക്കാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കാൻ മൊത്തക്കച്ചവടക്കാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ